# 108. ചാലിയാറിനു് ഒരു അനുജത്തി

കേരളത്തിലെ കാടുകളിലെ മുള മുഴുവൻ ടണ്ണിനു് ഒരു രൂപ നിരക്കിൽ (എന്നുവെച്ചാൽ മിക്കവാറും സൗജന്യമായിത്തന്നെ) കൊടുക്കാമെന്നു് കരാർ ചെയ്തും, വിദ്യുച്ഛക്തി, ഗതാഗതസൗകര്യം മുതലായ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം ചെലവു കണക്കാക്കാതെ ചെയ്തുകൊടുത്തും, ബിർളയെ ക്ഷണിച്ചു കൂട്ടിക്കൊണ്ടുവന്നു് മാവൂരിൽ റയോൺ ഫാക്ടറി തുടങ്ങിച്ചപ്പോൾ, ആ ഫാക്ടറിയിൽനിന്നുള്ള മാലിന്യങ്ങൾ പരിസരത്തിനു വരുത്തിയേക്കാവുന്ന നാശനഷ്ടങ്ങളെപ്പററി കേരളസർക്കാരുമായി ബന്ധപ്പെട്ട ആരെങ്കിലും ആലോചിച്ചിരുന്നുവോ ആവോ! ഏതായാലും ചാലിയാർപ്പുഴയിൽ വിഷം കലക്കിയും, പരിസര ഗ്രാമങ്ങളിൽ ജീവിതം ദുസ്സഹമാക്കിയും, കോഴിക്കോട്ടു നഗരത്തിൽ വിതരണം ചെയ്യുന്ന ജലത്തിന്റെ ഉപയോഗയോഗ്യതയിൽത്തന്നെ സംശയമുയർത്തിയും, ആ ഫാക്ടറിയിൽനിന്നു പുറന്തള്ളപ്പെടുന്ന മാലിന്യങ്ങൾ കേരളത്തിലെ പരിഹാരമില്ലാത്ത ഒരു വൻകിട പ്രശ്നമായി മാറിയിട്ടുണ്ടു്. വളരെ പതുക്കെയേ ഈ വിപത്തിനെപ്പററി നാട്ടുകാർക്കു് ബോധമുണ്ടായുള്ളു. നാട്ടുകാർക്കു ബോധം വന്നുകഴിഞ്ഞ ശേഷമാകട്ടെ, സർക്കാരിനെ ഉണർത്തുന്നതിനു് അവർക്കു് അത്യധ്വാനംതന്നെ ചെയ്യേണ്ടിവന്നു. സർക്കാർ ഉണരുകയും, മാലിന്യം പുഴയിലേക്കൊഴുകുന്നതു ചില വ്യവസ്ഥകൾക്കു വിധേയമായി വേണമെന്നു നിർബന്ധിക്കുകയും ചെയ്തപ്പോഴാകട്ടെ, കമ്പനിയുടമ ഏകപക്ഷീയമായി ഫാക്ടറി പൂട്ടിയിട്ടിരിക്കുകയുമാണു്. ഒരു രാജ്യത്തിൽ വ്യവസായവല്ക്കരണം നടപ്പിൽ വരുത്തുന്നതു് എങ്ങനെ ആകരുതു് എന്നതിന്റെ ഒന്നാംതരം സാധനപാഠമാണു് മാവൂരിലെ റയോൺ ഫാക്ടറി.

കോട്ടയം-എറണാകുളം റയിൽവേയുടെ അരികത്തു് വെള്ളൂരിൽ പണി മിക്കവാറും പൂർത്തിയായ ന്യൂസ്പ്രിന്റ് ഫാക്ടറിയെന്ന രാക്ഷസനുമായി താരതമ്യപ്പെടുത്തുമ്പോൾ മാവൂരിലെ ഗ്വാളിയർ റയോൺസ് ഒരു വാമനൻ മാത്രമാണു്. പൊതുമേഖലയിൽ (സർക്കാർ ഉടമയിൽ) ഉള്ള ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനാണു് വെള്ളൂരിൽ, മൂവാററുപുഴയാറിന്റെ തീരത്തു് ഈ പടുകൂററൻ ഫാക്ടറി പണിതുയർത്തുന്നതു്. ഒരാണ്ടിൽ എൺപതിനായിരം ടൺ പത്രക്കടലാസ് ഉണ്ടാക്കാനുള്ള കഴിവു് ഈ ഫാക്ടറിക്കുണ്ടു്. അതായതു് ഏഴു മീററർ വീതിയിൽ ഒരു കിലോമീററർ നീളം കടലാസ് ഓരോ മിനിററിലും ഉണ്ടാക്കി പുറത്തുവിടാൻ ഈ ഫാക്ടറിക്കു്, അതു പൂർണമായും പണിതുകഴിഞ്ഞാൽ, സാധിക്കും. കടലാസ്സുണ്ടാക്കാൻ മെക്കാനിക്കൽ, കെമിക്കൽ എന്നു് രണ്ടുതരം പൾപ്പുകളാണു് ഉപയോഗിക്കുക. മെക്കാനിക്കൽ പൾപ്പ് ഉണ്ടാക്കുന്നതിനു് ആണ്ടുതോറും ഒന്നര ലക്ഷം ടൺ പടുമരവും (മുഖ്യമായും യൂക്കാലിപ്റ്റസ് തടി) ഒരു ലക്ഷത്തിത്തൊണ്ണൂറായിരം ടൺ ഈററയും വെള്ളൂർ ഫാക്ടറിയിൽ ആവശ്യമായി വരും. ഇത്രയും തടിയും ഈററയും കൊടുക്കുവാൻ കേരളത്തിലെ കാടുകൾക്കു കഴിവുണ്ടോ എന്ന കാര്യം സംശയാസ്പദമാണു്. അതിരിക്കട്ടെ.

മാവൂരിലെ റയോൺ ഫാക്ടറിയിൽ ചെയ്യുന്നതു് മുളയും മരവും നുറുക്കി വേവിച്ചു് അരച്ചു് കട്ടിക്കടലാസ്സു പലകകൾ ഉണ്ടാക്കുകയാണു്. ഏറെക്കുറെ തുല്യമായ പ്രവർത്തനങ്ങൾ ന്യൂസ്പ്രിന്റ് ഫാക്ടറിയിലും നടക്കേണ്ടതുണ്ടു്. ഇതിനു് വളരെയധികം രാസവസ്തുക്കളും വെള്ളവും ആവശ്യമാകുന്നു. ഒരു ടൺ കടലാസ്സുണ്ടാക്കാൻ സാധാരണഗതിയിൽ

മൂന്നേമുക്കാൽ ലക്ഷം ലിററർ വെള്ളം വേണമത്രേ. ഒരിക്കൽ ഉപയോഗിച്ച വെള്ളംതന്നെ വീണ്ടും ഉപയോഗിക്കാനുള്ള സംവിധാനങ്ങളുള്ളതിനാൽ വെള്ളൂർ ഫാക്ടറിയിൽ ഒരു ടൺ കടലാസ്സുണ്ടാക്കാൻ രണ്ടര ലക്ഷം ലിററോളം വെള്ളമേ വേണ്ടിവരൂ. ഇതിൽ വററിയതും മററു വിധത്തിൽ നഷ്ടപ്പെട്ടതും കഴിഞ്ഞ്, അഞ്ചു കോടി ലിററർ വെള്ളം ദിവസേന വെള്ളൂർ ഫാക്ടറിയിൽനിന്നു പുറത്തേക്ക് ഒഴുക്കണം. പല രാസവിഷങ്ങളും കലങ്ങിയ ഈ മലിനജലമത്രയും, പിറവത്തു് മൂവാററുപുഴയാറിനു കുറുകെയുള്ള റയിൽവേ പാലത്തിനു താഴെ, ആ ആറിലേക്ക് ഒഴുക്കാനാണ് ഇപ്പോഠം തീരുമാനിച്ചിരിക്കുന്നതു്. ഇതിനർത്ഥം, പിറവം പാലത്തിനു താഴെയുള്ള മൂവാററുപുഴയാറു മുഴുവൻ, ചാലിയാർപോലെയും, പുനലൂർ പേപ്പർ മില്ലിലെ വിഷജലം ഒഴുകുന്ന കല്ലടയാറുപോലെയും, ഒരു അഴുക്കുചാൽ—വിഷജലച്ചാൽ—ആയിമാറുമെന്നാണ്. മൂവാററുപുഴയാറിൻെറ ശുദ്ധജലം പ്രയോജനപ്പെടുത്തി ദാഹശമനവും ശരീര-വസ്ത്ര-ശുദ്ധീകരണവും കൃഷിയും മൃഗപാലനവും മററും നിർവഹിച്ചു പോരുന്ന വൈക്കം താലൂക്കിലേയും കണയന്നൂർ താലൂക്കിലേയും ജനങ്ങഠം ഈ സംഭവ്യതയിൽ പരിഭ്രാന്തരായിട്ടുണ്ടെങ്കിൽ അത്ഭുതമില്ല.

മാവൂർ ഫാക്ടറി തുടങ്ങിയ കാലത്തു് വ്യാവസായിക മലിനീകരണത്തെപ്പററി കേരളത്തിലെ ജനങ്ങഠം ബോധവാന്മാരായിരുന്നില്ല. സർക്കാർ തന്നെ ഈ വിഷയത്തെപ്പററി അന്നു് ആലോചിച്ചിരുന്നില്ലെന്നു പറഞ്ഞുവല്ലോ. മലിനീകരണം തടയാനും നിയന്ത്രിക്കാനുമായി ഒരു ബോർഡ് (കെ. എസ്. ബി. പി. സി. പി.) സർക്കാർ സ്ഥാപിച്ചതുതന്നെ വളരെ പിന്നീടാണ്. എന്നാൽ, ഇന്നത്തെ സ്ഥിതി അതല്ല. മാവൂരിലെ ദുരനുഭവം കുറെയെങ്കിലും ജനങ്ങളുടെ കണ്ണു തുറപ്പിച്ചിട്ടുണ്ട്. ചിലരുടെയൊക്കെ കണ്ണു തുറിപ്പിച്ചിട്ടുമുണ്ട്.

വെള്ളൂരിലെ വ്യാവസായിക മാലിന്യത്തിനെതിരെ ഒരു ബഹുജന പ്രസ്ഥാനം, ദുർബലമായെങ്കിലും, ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ മാർച്ചിൽ ഫാക്ടറിയിലേക്ക് ജനങ്ങഠം ഒരു മാർച്ച് നടത്തി. മാലിന്യപ്രശ്നം കേരളത്തിലെ അസംബ്ലിയിലും ഡൽഹിയിലെ പാർലമെൻറിലും ഉന്നയിക്കപ്പെട്ടു. ഒരു ബഹുജന ഹർജി പ്രധാനമന്ത്രിക്കു സമർപ്പിക്കപ്പെടുകയുമുണ്ടായി.

സർക്കാരിൻെറ മലിനീകരണ—നിവാരണ—നിയന്ത്രണബോർഡും കൊച്ചി സർവകലാശാലയും, കേന്ദ്രത്തിൻെറ സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനവും മൂവാററുപുഴയാറിൽ ഫാക്ടറിയിലെ മാലിന്യം തുറന്നുവിടുന്ന സ്ഥലത്തിനു മുകളിലും ചുവട്ടിലുമുള്ള വെള്ളത്തിൻെറ നിരീക്ഷണ പഠനങ്ങഠം ആരംഭിച്ചിട്ടുണ്ട്.

ഇടുക്കിയിൽ വിദ്യുച്ഛക്ത്യൽപാദനം തുടങ്ങിയ ശേഷം മൂവാററുപുഴയാറിൽ വേനല്ക്കാലത്തു് ധാരാളം ശുദ്ധജലമുണ്ട്. പിറവം കഴിഞ്ഞാൽ ഈ പുഴ രണ്ടായി പിരിയുന്നു. രണ്ടു ശാഖകളുടെ തീരങ്ങളിലുമുള്ള ജനങ്ങഠം ഇന്നു ശുദ്ധജലത്തിൻെറ സൗലഭ്യം അനുഭവിക്കുന്നുണ്ട്. വളരെ ദൂരത്തോളം അകത്തേക്ക് വേനലിൽ ഓരു് കയറിയിരുന്നതും ഇപ്പോഠം ഇല്ലാതായിരിക്കുന്നു. ഈ അനുഗ്രഹങ്ങളൊക്കെ ഇല്ലാതാവുമോ എന്നാണ് നാട്ടുകാരുടെ ഭയം.

പുഴയിലേക്കു വിടുന്ന വെള്ളത്തിൽനിന്നു മാലിന്യങ്ങഠം നീക്കം ചെയ്യുന്നതിന് നാലു കോടി രൂപയോളം ചെലവാക്കി ചില സംവിധാനങ്ങളെല്ലാം വെള്ളൂർ ന്യൂസ്പ്രിൻറ് ഫാക്ടറിയിൽ ചെയ്തുവരുന്നുണ്ട്. മാവൂർ ഫാക്ടറിയിൽനിന്നു പുറത്തുവിടുന്ന വെള്ളത്തിൽ രസം അടങ്ങിയിട്ടുള്ളതായി ആക്ഷേപമുണ്ട്. വെള്ളൂർ വെള്ളത്തിൽ രസമോ മററു വിഷദ്രവ്യങ്ങളോ ഉണ്ടാവുകയില്ലത്രേ. ഏതായാലും കുറെയധികം മാലിന്യം

വെള്ളൂർ ഫാക്ടറിയിൽനിന്ന് പുഴയിലേക്ക് ഒഴുക്കാതെ കഴിയില്ല. ഫാക്ടറിയിലെ മലിനജലമത്രയും പൈപ്പുകളിലൂടെ കടലിലേക്ക് എത്തിക്കുക പ്രായോഗികമല്ല. മാത്രമല്ല, ഫാക്ടറിക്ക് ആവശ്യമുള്ള ശുദ്ധജലമത്രയും മൂവാറ്റുപുഴയാറിൽനിന്നെടുത്തുകൊള്ളാനും, മലിനജലം സംസ്കരിച്ച ശേഷം അതിലേക്ക് ഒഴുക്കിക്കളയാനും 1974-ൽ ന്യൂസ് പ്രിന്റ് ഫാക്ടറിക്ക് ഒരു കരാറിലൂടെ കേരളഗവണ്മെന്റ് അനുവാദം കൊടുത്തിട്ടുമുണ്ട്.

മൂവാറ്റുപുഴ കേന്ദ്രമായി നാട്ടുകാരുടെ ഒരു മലിനീകരണ വിരുദ്ധ സമരസമിതി രൂപവല്ക്കരിച്ചുകഴിഞ്ഞിട്ടുണ്ട്. ന്യൂസ് പ്രിന്റ് ഫാക്ടറി പ്രവർത്തിക്കുന്നതിന്റെ ഫലമായി, ജലമലിനീകരണം ഉൾപ്പെടെ പരിസരത്തിലുണ്ടാകുന്ന മാറ്റങ്ങളെ ജനങ്ങൾ സശ്രദ്ധം നിരീക്ഷിച്ചുകൊണ്ടിരിക്കേണ്ടതാവശ്യമാണ്. പ്രത്യേകിച്ച്, നമ്മുടെ വനങ്ങളെ ഈ ഫാക്ടറി എങ്ങനെ ബാധിക്കുമെന്നത് സവിശേഷ പഠനം അർഹിക്കുന്നു. ഈ ഫാക്ടറിയുടെ മുഴുവൻ കഴിവും ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായത്ര ഈറ്റയും യൂക്കാലിപ്റ്റസ് മരവും കൊടുക്കാൻ കേരളത്തിലെ വനങ്ങൾക്കു സാധിക്കുകയില്ല എന്ന് കരുതേണ്ടതുണ്ട്. കേരളത്തിലെ പ്ലൈവുഡ് വ്യവസായം ഇപ്പോൾത്തന്നെ വലിയ തോതിൽ ആഫ്രിക്കയിൽനിന്നും തെക്കുകിഴക്കേഷ്യയിൽനിന്നും ആൻഡമാൻ ദ്വീപുകളിൽനിന്നും മറ്റും തടി ഇറക്കുമതി ചെയ്താണ് ഒരുവിധത്തിൽ നടന്നു പോകുന്നത്. അതായത്, നമ്മുടെ പ്ലൈവുഡ് വ്യവസായത്തിനാവശ്യമായ തടിതന്നെ നല്കാൻ കേരളത്തിലെ കാടുകൾക്കു കഴിവില്ല. മാവൂരിലെ ഗ്വാളിയർ റയോൺസിനും വേണ്ടത്ര തടി കിട്ടുന്നില്ല. ഇതിന്റെകൂടെ, വെള്ളൂരിലെ രാക്ഷസനുംകൂടി തീറ്റ കൊടുക്കാൻ കേരളത്തിലെ കാടുകൾക്ക് എങ്ങനെ സാധിക്കാനാണ്? ത്വരിതമായ വനവിധ്വംസനത്തിന്റെ ഭീഷണി ഇവിടെ പ്രകടമാണ്. മലിനീകരണത്തിനെതിരായ സമരത്തെ വനസംരക്ഷണത്തിനും, വിശാലമായ പരിപ്രേക്ഷ്യത്തിൽ പ്രകൃതിസംരക്ഷണത്തിനും, വേണ്ടിയുള്ള രാജ്യവ്യാപകമായ സമരവുമായി സംഘടിപ്പിക്കേണ്ടതുണ്ട്. പരിസ്ഥിതിയെപ്പറ്റിയുള്ള ശാസ്ത്രീയബോധം പൊതുജനങ്ങളിൽ വളർത്തലാണ് ഈ സമരത്തിന്റെ പ്രഥമവും പ്രധാനവുമായ ഘട്ടം. മാവൂരിലെയോ വെള്ളൂരിലെയോ പുനലൂരിലെയോ മലിനീകരണം ഒറ്റപ്പെട്ട പ്രശ്നങ്ങളല്ല. വ്യാപകമായ ഒരു ദേശീയ വിപത്തിന്റെ പ്രാദേശികസ്ഫോടനങ്ങളാണ് ഇവ. പ്രാദേശികാടിസ്ഥാനത്തിലല്ലാതെ, ദേശീയാടിസ്ഥാനത്തിൽ വേണം ഈ രോഗത്തെ ചികിത്സിക്കുവാൻ. അതേസമയം പ്രാദേശിക സംഘടനകൾ ബഹുജനങ്ങളെ ഉദ്ബുദ്ധരും കർമ്മനിരതരുമാക്കുവാൻ ഇളവില്ലാതെ പ്രവർത്തിക്കുകയും വേണം. ചാലിയാറിന് മറ്റൊരനുജത്തി കേരളത്തിൽ ഉണ്ടായിക്കൂട!

## 109. ചാലിയാർ വെള്ളത്തിൽ വിഷം എത്രമാത്രം?

കോഴിക്കോട്ട് മാവൂരിൽ ബിർള നടത്തുന്ന 'ഗ്വാളിയർ റയോൺസ്' എന്ന കമ്പനിയിൽനിന്നുള്ള വിഷപ്പുകയും വിഷജലവും കാരണം പരിസരങ്ങളിൽ ജന്തു-സസ്യ ജീവിതത്തിനു സംഭവിച്ചുകൊണ്ടിരിക്കുന്ന ക്ലേശനാശങ്ങളെപ്പറ്റി 'ഒരു കമ്പനിയും ഒരു സർക്കാരും കുറെ ജനങ്ങളും' എന്ന